**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 24** **10-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എക്സൈസ് വകുപ്പ് നടത്തി വരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും കർശനമായ പരിശോധനകളുടെയും നിയന്ത്രണങ്ങളുടെയും ഫലമായി മദ്യ ഉപഭോഗം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മദ്യ ഉപഭോഗം 2022-23 വർഷത്തെ അപേക്ഷിച്ച് 2023-24 വർഷത്തിൽ കുറവാണ്. 2022-23 വർഷത്തിൽ 224.34 ലക്ഷം കെയ്സ് മദ്യത്തിന്റെ വിൽപ്പന നടന്നിരുന്നു. എന്നാൽ 2023-24 വർഷത്തിൽ അത് 221.76 ലക്ഷം കെയ്സായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ ആകെ വരുമാനത്തിൽ മദ്യത്തിൽ നിന്നുള്ള വിഹിതം ക്രമാനുഗതമായി കുറഞ്ഞു വരുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | എക്സൈസ് വകുപ്പിന് 2022-23 വർഷത്തെ അപേക്ഷിച്ച് 2023-24 വർഷത്തിൽ വരുമാനത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. എന്നാൽ സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പിന് ഈ കാലയളവിൽ വരുമാനത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പിന് 2022-23 വർഷത്തിൽ 2992.74 കോടി രൂപയും 2023-24 വർഷത്തിൽ 2805.44 കോടി രൂപയും, സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പിന് മദ്യത്തിൽ നിന്നും നികുതിയിനത്തിൽ (KGST-ST/TOT/CESS etc) 2022-23 സാമ്പത്തിക വർഷത്തിൽ14843.04 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 15170.82 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) | മദ്യത്തിനും ലഹരി വസ്തുക്കൾക്കുമെതിരായി നടത്തി വരുന്ന ബോധവൽക്കരണം കൂടുതൽ വ്യാപിപ്പിക്കുന്നതിനും നിയമവും നിബന്ധനകളും കൂടുതൽ കർശനമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടു വന്ന് മദ്യവർജ്ജനത്തിന് ഊന്നൽ നൽകി ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് പൊതുസമൂഹത്തിന് ശരിയായ അവബോധം നൽകുന്നതിനും ലഹരിയുടെ വിപത്തിൽ വീഴാതെ സ്വയം സംരക്ഷണം തീർക്കുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. |

വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് സ്കൂളുകളിൽ 'ഉണർവ്വ് ' എന്ന പേരിലും 'നേർവഴി' എന്ന പേരിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അവയുടെ വാർഡ് തലങ്ങളിലും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ആദിവാസി മേഖലകളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ ബോധവത്ക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.

ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് വിമുക്തി ഡി- അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ച് വരുന്നു.

ബഹു. ഹൈക്കോടതി ജഡ്ജിമാരുടെ അദ്ധ്യക്ഷതയിലുള്ള റീജിയണൽ ജുഡീഷ്യൽ കൊളോക്കിയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിലവിലെ നിയമങ്ങളിലെ പോരായ്മകൾ പരിഹരിച്ച് നിയമവും നിബന്ധനകളും കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ